പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2450** 9..12..2014 ൽ മറുപടിക്ക്

## ലാഭത്തിൽ പ്രവൃത്തിച്ച പൊതു മേഖലാസ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി |
| (എ) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെകാലത്ത് എത്ര പൊതുമേഖലാസ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവൃത്തിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) കഴിഞ്ഞ സർക്കാരിൻെറ കാലത്ത് 2010-11ൽ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. |
| (ബി) ഇവയിൽ എല്ലാ സ്ഥാപനങ്ങളും ഇപ്പോഴും ലാഭത്തിൽ പ്രവൃത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) ഇല്ല. 2010-11ൽ ലാഭകരമായി പ്രവർത്തിച്ച 23 (ഇരുപത്തിമൂന്ന്) സ്ഥാപനങ്ങളിൽ 9 (ഒൻപത്) സ്ഥാപനങ്ങൾ 2013-14 കാലയളവിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചത്.<br><br>*(* സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയായിവരുന്ന മുറയ്ക്കുള്ള കണക്കുകൾ പ്രകാരമാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്).* |
| (സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കൂടുതലും നഷ്ടത്തിൽ പ്രവർത്തിക്കുന്നത്.<br>ആഗോള പ്രതിസന്ധിമൂലമുണ്ടായ അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റ വും ഉൽപ്പന്നങ്ങളുടെ വിലയിടിവുമാണ് ടെക്സ്റ്റൈൽ മേഖലയിലുള്ള കമ്പനികൾ നഷ്ടത്തിലാകാനുള്ള പ്രധാന കാരണം. അധിക ധനസഹായമായി 60 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് ഈ മേഖലക്ക് നൽകിയെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.<br><br>ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും ഇറക്കുമതിയും പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന ത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികളിൽ നിന്ന് |

ലഭിച്ചിരുന്ന ഓർഡറുകളുടെ അപര്യാപ്തത, കാലപ്പഴക്കമുള്ള മെഷിനറികളുടെ തകരാറുകൾ മൂലം ഉൽപ്പാദനത്തിൽ നേരിടുന്ന തടസ്സങ്ങ ൾ, പ്രവർത്തനമൂലധനത്തിൻെറ അഭാവം തുടങ്ങിയ പ്രധാന കാരണങ്ങളാണ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിൻ ശേഷം എത്ര പൊതുമേഖല സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) സംസ്ഥാനത്തെ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2013-14 കാലയളവിലെ കണക്കുകൾ പ്രകാരം 15 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl.No | Name of the Company |
|---|---|
| 1 | Kerala State Industrial Development Corporation Ltd |
| 2 | The Kerala Minerals and Metals Ltd |
| 3 | Malabar Cements Ltd |
| 4 | Kerala State Electronics Development Corporation Ltd |
| 5 | Kerala Industrial Infrastructure Development Corporation (KINFRA) |
| 6 | Kerala Small Industries Development Corporation Ltd |
| 7 | Kerala State Cashew Workers Apex Industrial Co-operative Society Ltd (CAPEX) |
| 8 | Kerala Clays & Ceramic Products Ltd. |
| 9 | Keltron Electro Ceramics Ltd |
| 10 | Forest Industries (Travancore) Ltd |
| 11 | Kerala State Industrial Enterprises Ltd |
| 12 | Steel Industrials Kerala Ltd |
| 13 | Kerala Artisan's Development Corporation Ltd |
| 14 | Transformers and Electricals Kerala Ltd |
| 15 | Kerala State Mineral Development Corporation Ltd |